# മലയാള അക്ഷരങ്ങളും ടി. എൻ. ജോയിയും

ഇരുപത് വർഷങ്ങൾക്കു മുമ്പ്, 1999 ജൂലൈ 7-നാണ് 'രചന'യുടെ സമർപ്പണ സമ്മേളനം നടന്നത്. വെട്ടിമുറിച്ച് പരിഷ്കരിച്ച അക്ഷരങ്ങൾക്കു പകരം പഴയ-തനതു ലിപി മലയാളം കമ്പ്യൂട്ടിംഗിൽ തിരിച്ചുകൊണ്ടുവന്ന സംരംഭത്തിന്റെ തുടക്കമായിരുന്നു അത്. പിന്നീടുള്ള മലയാളഭാഷാസാങ്കേതികതയുടെ വളർച്ച നിർണ്ണയിച്ചത് രചന വിഭാവനം ചെയ്ത സമഗ്രലിപിസഞ്ചയമായിരുന്നു.

തിരുവനന്തപുരം വി. ജെ. ടി. ഹാളിൽ നടത്താനുദ്ദേശിച്ച സെമിനാർ നേരിട്ട പ്രധാന തടസ്സം കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗത്തു നിന്നായിരുന്നു. ലിപി പരിഷ്കരണത്തിന്റെ ഔദ്യോഗിക വക്താക്കൾ അവരായിരുന്നല്ലൊ. പോരെങ്കിൽ മലയാളലിപിയെ ഒന്നുകൂടി വെട്ടിച്ചുരുക്കാനുള്ള ശ്രമത്തിലായിരുന്നു അക്കാലത്ത് അവർ (ഡോ. തമ്പാൻ, ഡോ. പ്രബോധചന്ദ്രൻ നായർ എന്നിവർ നയിച്ച 'മലയാളത്തനിമ' പ്രസ്ഥാനം, 1998). രചന സമ്മേളനം ഏതുവിധേനയും പരാജയപ്പെടുത്തുക എന്നത് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു ബാദ്ധ്യതയായി മാറി. സെമിനാറിനു ക്ഷണിച്ച മിക്ക സാഹിത്യകാരന്മാരും ഭാഷാചിന്തകരും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സുഹൃദ്‌വലയത്തിലുള്ള എഴുത്തുകാരായിരുന്നു. സമ്മേളനത്തിനായി നഗരത്തിൽ പതിച്ച പോസ്റ്ററുകൾ കീറി കളയുക, സമ്മേളനത്തിൽനിന്നും എഴുത്തുകാരെ വിലക്കുക എന്നീ പ്രവൃത്തികളിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് വ്യാപൃതരായി.



അക്കാലത്ത് ടി. എൻ. ജോയ് തിരുവനന്തപുരത്തുണ്ട്. മൈത്രേയന്റെ വീട്ടിൽ താമസിക്കുകയും ഫ്ലൂട്ട് വായിക്കാൻ പഠിക്കുകയും ചെയ്തിരുന്ന കാലം. രചനയുടെ ഉപജ്ഞാതാവായ ആർ. ചിത്രജകുമാറുമൊത്ത് മൈത്രേയന്റെ വീട്ടിൽപോയി ജോയിയെ കാണുന്നത് സമ്മേളനത്തിനു രണ്ടുമൂന്നു ദിവസം മുമ്പാണ്. സമ്മേളനം നേരിടുന്ന ഭീഷണികളെ കുറിച്ച് അദ്ദേഹം അറിയാനിടയായത് അങ്ങനെയാണ്. ഭാഷാചരിത്രത്തിലെ പ്രധാനപ്പെട്ട ഒരു കാമ്പയിൻ ആയി രചനയെ അദ്ദേഹം പെട്ടെന്നു തന്നെ തിരിച്ചറിഞ്ഞു.

രചനയുടെ സമ്മേളനം വമ്പിച്ച വിജയമായിരുന്നു. രാവിലെമുതൽ രാത്രിവരെ നീണ്ട ചർച്ചകളിൽ പ്രമുഖരായ എഴുത്തുകാരും ഭാഷാപ്രേമികളും പങ്കെടുത്തു. ടി. എൻ. ജോയി വിളിച്ചുവരുത്തിയ അനേകം സുഹൃത്തുക്കളും പ്രഭാഷകരും സമ്മേളനത്തെ നിറവുറ്റതാക്കി. സമ്മേളനത്തിലുടനീളം ഒരു ‘കാര്യക്കാരനാ’യി നടന്ന ജോയിയെ കെ. എം. ലെനിൻ മാഷ് ഇന്നും ഓർക്കുന്നു.

ടി. എൻ. ജോയിയുടെ സാന്നിദ്ധ്യംകൊണ്ടും സംഘാടകപങ്കാളിത്തംകൊണ്ടും യാത്രയാരംഭിച്ച രചന ഇന്ന് ജനയുഗത്തിന്റെ ‘സ്വൈബസ് പ്രൊജക്റ്റ്’ വരെ എത്തിനിൽക്കുന്നു. എഡിറ്റർ രാജാജി മാത്യു തോമസ് നേതൃത്വം നൽകുന്ന പ്രോജക്ട് ഇന്ത്യയിലെ പത്രപ്രസാധന രംഗത്ത് വിപ്ലവകരമായ ഒരു മാറ്റത്തിനു നാന്ദികുറിച്ചിരിക്കുന്നു. തുറന്നതും സ്വതന്ത്രവുമായ സോഫ്റ്റ്‌വെയർ (Free and Open Source Software) ഉപയോഗിച്ച് ഇറങ്ങുന്ന ലോകത്തിലെ ആദ്യത്തെ ദിനപത്രമായി ജനയുഗം മാറുകയാണ്. രചനയുടെ തനതുലിപിയിൽ പത്രത്തിന്റെ ടൈപ്പ്സെറ്റിംഗ് നിർവഹിക്കുന്നത് പ്രസാധനത്തിലെന്നതുപോലെ മാതൃഭാഷയുടേയും ചരിത്രമായി മാറുന്നു.

ജനയുഗം പബ്ലിക്കേഷൻസ് ആണ് ഫോണ്ടുനിർമ്മാണത്തിന് സാമ്പത്തിക സഹായമൊരുക്കിയത്. തനതുലിപിയിലുള്ള TNJoy.ttf രൂപകല്പനചെയ്തത് എഴുപതുകളിൽ ടി. എൻ. ജോയ് നേതൃത്വം കൊടുത്ത രാഷ്ട്രീയപ്രസ്ഥാനത്തിൽ പങ്കാളികളായ കെ. എച്ച്. ഹുസൈനും പി. കെ. അശോക് കുമാറും ആണ്. ഫോണ്ട് എഞ്ചിനീയറായ രജീഷ് കെ. നമ്പ്യാരും ഒപ്പമുണ്ട്. ഫോണ്ടിന്റെ പരിരക്ഷണവും വിതരണവും നിർവ്വഹിക്കുന്നത് പ്രശസ്ത സ്വതന്ത്രസോഫ്റ്റ്‌വെയർ പ്രയോക്താവായ സി. വി. രാധാകൃഷ്ണൻ നേതൃത്വം കൊടുക്കുന്ന ‘രചനാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൈപ്പോഗ്രഫി’ (http://rachana.org.in/) ആണ്. സമ്മർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാംഗ്വേജിന്റെ ഓപ്പൺ ഫോണ്ട് ലൈസൻസിൽ (http://scripts.sil.org/OFL) ആണ് അത് പ്രസിദ്ധീകരിക്കുന്നത്. വാണിജ്യാവശ്യത്തിനല്ലാതെ ആർക്കുവേണമെങ്കിലും അത് സൗജന്യമായി ഡൗൺലോഡ് ചെയ്യാനും ഉപയോഗിക്കാനും കൈമാറാനും SIL-OFL അനുവാദം നൽകുന്നു.

സ്വതന്ത്രമായി ജീവിക്കുകയും ചുറ്റുമുള്ള ലോകത്തെ സൗന്ദര്യവൽക്കരിക്കാൻ ശ്രമിക്കുകയും ചെയ്ത ടി. എൻ. ജോയിക്കുള്ള അക്ഷരപൂജയാണിത്. മലയാളഭാഷ ഉള്ളിടത്തോളം കാലം അദ്ദേഹത്തിന്റെ പേരിൽ ഈ അക്ഷരരൂപങ്ങൾ നിലനിൽക്കും. ഭാവിയിൽ പ്രഗത്ഭരായ കാലിഗ്രാഫർമാർക്കും ഗ്രാഫിക്സ് കലാകാരന്മാർക്കും അക്ഷരങ്ങൾ കൂടുതൽ സൗന്ദര്യവൽക്കരിക്കാനും പുതുക്കാനുമുള്ള അവസരം ഇതിന്റെ സ്വതന്ത്ര ലൈസൻസ് തുറന്നിടുന്നു. ‘ചെമ്പരത്തി പൂക്കുന്ന നാടിൻപുലരി തുടുത്ത കാഴ്ചകളെ’ കുറിച്ച് പാടി നടന്ന, നമ്മുടെ കാലത്തും ജീവിതത്തിലും നിറഞ്ഞുനിന്ന സഖാവ് ടി. എൻ. ജോയിക്കു സമർപ്പിക്കുന്ന ശാശ്വതമായ ഒരു സ്മരണികയാണിത്. ‘ജോയോർമ്മപെരുന്നാൾ-2019’ ഒക്ടോബർ 2-ന് അദ്ദേഹത്തിന്റെ ജീവിതത്തിന് താങ്ങായി നിന്ന ഹെൽത്ത് കെയർ ഇൻസ്റ്റിറ്റ്യൂട്ട് പ്രകാശനത്തിനു വേദിയൊരുക്കുന്നു. സ്വൈബസ് പ്രോജക്റ്റിന്റെ അമരക്കാരനായ രാജാജി മാത്യു തോമസ് ഇതിന്റെ പ്രകാശനം നിർവ്വഹിക്കുന്നു. ആത്മസുഹൃത്ത് മൈത്രേയൻ ഏറ്റുവാങ്ങുന്നു.

(ഇത് ടൈപ്പ്സെറ്റ് ചെയ്തിരിക്കുന്നത് ടിഎൻജോയ് ഫോണ്ടിലാണ്; രേഖാചിത്രം: അഭിജിത്, കെ. എ.)